₹ 12

# എൽ.ടി.ടി.ഇ മുസ്‌ലിം വംശഹത്യ നടത്തി

പ്രശസ്ത തമിഴ് സാഹിത്യകാരൻ തോപ്പിൽ മുഹമ്മദ് മീരാനുമായി അഭിമുഖം

വി.ആർ. ഗോവിന്ദനുണ്ണി | വിനു എബ്രഹാം | വീരാൻകുട്ടി | പവിത്രൻ തീക്കുനി | രമേഷ് ഗോപാലകൃഷ്ണൻ

# ചന്ദ്രിക

ആഴ്ചപ്പതിപ്പ്

2012 ഒക്ടോബർ 27–
നവംബർ 2



## അമ്പലക്കഥ പാടുന്ന മാപ്പിള പ്രതിമ

## സൂഫിസം: വഴിയും വെളിച്ചവും

painting: G.D. Paulraj

# ഞാനൊരു ഇന്ത്യൻ എഴുത്തുകാരൻ മാത്രമാണ്


തോപ്പിൽ മീരാൻ

*തമിഴിലും മലയാളത്തിലും രചന നിർവ്വഹിക്കുന്ന ദ്വിഭാഷാ (bilingual) എഴുത്തുകാരനാണല്ലോ താങ്കൾ. എഴുത്തിന്റെ മേഖലയിലേക്ക് എത്തിച്ചേർന്ന പശ്ചാത്തലം?*

എന്റെ മാതാപിതാക്കൾ തമിഴ് സംസാരിക്കുന്നവരാണ്. അതിനാൽ എന്റെ മാതൃഭാഷ തമിഴാണ്. ഇന്നത്തെ കേരളത്തിനോടു അടുത്തു നിൽക്കുന്നതും പണ്ട് തിരുവിതാംകൂറിന്റെ ഭാഗവുമായിരുന്ന കന്യാകുമാരി ജില്ലയിലാണ് എന്റെ ജനനം. ഞാൻ പഠിച്ചത് മലയാളം മീഡിയത്തിലാണ്. അതിനാൽ എന്റെ മാതൃഭാഷ തമിഴും പഠിച്ച ഭാഷ മലയാളവുമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ രണ്ടും എന്റെ ഭാഷകളാണ്. ആദ്യകാലത്ത് മലയാളത്തിലാണ് ഞാൻ എഴുതാൻ ശ്രമിച്ചിരുന്നത്. എന്നാൽ എന്റെ ചുറ്റുപാടുമുള്ളവരുടെ ജീവിതം ചിത്രീകരിക്കുവാൻ ഏറ്റവും ഉചിതമായ ഭാഷ തായ്മൊഴിയായ തമിഴാണെന്ന് ഏറെ വൈകാതെ ഞാൻ തിരിച്ചറിഞ്ഞു. അതിനാൽ ഒരു തമിഴ് എഴുത്തുകാരൻ എന്ന് അറിയപ്പെടാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്.

*എഴുത്തിന്റെ ആദ്യകാലഘട്ടത്തെ, പ്രചോദനങ്ങളെ എങ്ങനെ വിലയിരുത്തുന്നു?*

എഴുത്തിന്റെ മേഖലയിലേക്ക് എങ്ങനെ എത്തിപ്പെട്ടു എന്ന് കൃത്യമായി പറയുക സാധ്യമല്ല. എഴുത്തിന്റെ പാരമ്പര്യം എനിക്കില്ല. സ്കൂളിൽ പഠിക്കുന്ന കാലത്തുതന്നെ കുത്തിക്കുറിക്കുന്ന ശീലം ഉണ്ടായിരുന്നു. അക്കാലത്ത് നാട്ടിൽ നടക്കുന്ന ആത്മഹത്യകളെക്കുറിച്ചും മറ്റു ദാരുണ സംഭവങ്ങളെ പറ്റിയും ഹൃദയ

സ്പർശിയായ ഭാഷയിൽ നാട്ടുരസികർ കവിതകൾ എഴുതി, പ്രിന്റുചെയ്തു ചന്തയിൽ കൊണ്ടുവന്ന് വിൽക്കുമായിരുന്നു. അക്കാലത്തിറങ്ങിയ സിനിമാപാട്ടുകളുടെ രീതിയിലാണ് കവിതകൾ എഴുതിയിരുന്നത്. ഭാവനയുടെ ഉയർന്ന തലം അവയിൽ നിറഞ്ഞുനിന്നിരുന്നു. ചന്തയിൽ നിന്നുംഅത്തരം ലഘു കവിതാ സമാഹാരങ്ങൾ വാങ്ങി സൂക്ഷിക്കുന്ന പതിവ് എനിക്കുണ്ടായിരുന്നു. ഇത്തരം സൃഷ്ടികളുടെ പ്രചോദനമാണ് എന്നിൽ എഴുത്തിൽ താൽപര്യമുണ്ടാക്കിയത് എന്ന് തോന്നുന്നു.

ഞങ്ങളുടെ നാട്ടിൽ നിന്ന്, എന്റെ ചെറുപ്പകാലത്ത് ധാരാളം ആളുകൾ ജോലി തേടി സിലോണിലേക്ക്പോയിരുന്നു. സിലോൺ അന്നത്തെ ഞങ്ങളുടെ ഗൾഫായിരുന്നു. ഫോണോ ഇന്റർനെറ്റോ ഇല്ലാത്ത അക്കാലത്ത് വിവരങ്ങൾ കൈമാറുവാനുള്ള ഏക മാർഗം കത്തെഴുത്തായിരുന്നു. "കത്തുവരലും" "കത്തെഴുത്തും" അന്ന് മഹാസംഭവമായിരുന്നു. അതിനൊരു കാരണമുണ്ട്. സിലോണിലേക്ക് പോയവരുടെ ഭാര്യമാർക്കും എഴുത്തും വായനയും അറിയില്ലായിരുന്നു. ഭാര്യമാർക്ക് എന്നല്ല പെണ്ണുങ്ങൾക്ക് ഒന്നും തന്നെ സാക്ഷരതയുണ്ടായിരുന്നില്ല. അതിനാൽ താഴെ ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ ബന്ധുക്കളായ സ്ത്രീകൾക്ക് വേണ്ടി കത്തെഴുതിക്കൊടുക്കുമായിരുന്നു. അങ്ങനെ ചെറുപ്പത്തിൽ തന്നെ അന്യരുടെ വേദനകൾ എനിക്ക് തിരിച്ചറിയാൻ പറ്റി. വേറൊരു രസം അന്ന് പ്രൊഫഷണൽ കത്തെഴുത്തുകാരുണ്ടായിരുന്നു എന്നതാണ്. വീടുവീടാന്തരം കയറി കത്തെഴുതി കൊടുക്കുന്നവർ, ഇത്തരക്കാരോട് സ്ത്രീകൾക്ക് പറയാൻ പറ്റാത്ത പലതുമുണ്ടാവും. അത്തരം കാര്യങ്ങൾ കുട്ടികളായ ഞങ്ങളോട് പറഞ്ഞ് എഴുതിക്കുമായിരുന്നു. അവർ പറയുന്ന കാര്യങ്ങൾ അങ്ങേയറ്റം ജീവിതഗന്ധിയായിരുന്നു. ഇങ്ങനെയാണ് ഞാൻ സമൂഹത്തെ മനസ്സിലാക്കിയെടുത്തത്. ഔപചാരിക വിദ്യാഭ്യാസത്തിലൂടെ നേടിയതിനേക്കാൾ കൂടുതൽ അറിവ് എനിക്ക് ലഭിച്ചത് ഇത്തരം ഇടപാടുകളിലൂടെയാണ്. അതുകൊണ്ടാണ് ഇത്ര തീവ്രമായി സാമൂഹിക പ്രശ്നങ്ങളേയും അവസ്ഥകളേയും എഴുത്തിലൂടെ ആവിഷ്കരിക്കാൻ കഴിഞ്ഞത്.

*അനൗപചാരികമായ ഇത്തരം അറിവ് അവസരങ്ങൾക്കപ്പുറം സാമാന്യ ജനതയുടെ ഔപചാരിക വിദ്യാഭ്യാസാവസ്ഥയെന്താണ്? താങ്കളുടെ പഠന കാലത്തെ മുൻനിർത്തി പറയാമോ?*

ഹൈസ്കൂളിലും കോളജിലുമൊക്കെ പഠിച്ച മുസ്ലിംകളിലെ ആദ്യ തലമുറ ഞങ്ങളുടേതാണ്. എന്റെ ബാപ്പയൊന്നും സ്കൂളിലേ പോയിട്ടില്ല. ഞങ്ങളുടെ തിരുനെൽവേലി പ്രദേശത്തെ മാത്രം അവസ്ഥയല്ലിത്. ഞാനൊക്കെ സ്കൂളിൽ പോകുന്ന കാലത്തുപോലും അതൊരു ചടങ്ങുമാത്രമായിരുന്നു. ഒട്ടുമതിന് സീരിയസ് കൊടുത്തിരുന്നില്ല. ഞങ്ങൾക്കൊന്നും ഒരു ഗൈഡൻസും കിട്ടിയിട്ടില്ല. കടലിൽ നിന്ന് നന്നായി മീൻകിട്ടുന്ന ദിവസം, മുതലാളിമാരുടെ വീട്ടിൽ കല്ല്യാണം നടക്കുന്ന ദിവസം, ചെറിയ ചെറിയ വിശേഷ ദിനങ്ങൾ അന്നൊന്നും ആരും സ്കൂളിൽ പോയിരുന്നില്ല. 'എന്തുകൊണ്ട് ഇന്ന് സ്കൂളിൽ പോയില്ല' എന്നാരും ചോദിച്ചിരുന്നില്ല. ഞാനേത് ക്ലാസിലാണ് പഠിക്കുന്നതെന്നോ, ഞാൻ പരീക്ഷയിൽ തോറ്റുവോ ജയിച്ചുവോ എന്നൊന്നും വീട്ടുകാർ പോലും അന്വേഷിച്ചിരുന്നില്ല. ഞാനേത് വിഷയമാണ് പഠിക്കുന്നതെന്ന് ബാപ്പയ്ക്ക് പോലും അറിയില്ലായിരുന്നു. അങ്ങനെയൊരു ചോദ്യമുന്നയിക്കാനുള്ള പഠിപ്പും വിവരവും മുതിർന്നവർക്കില്ലായിരുന്നു എന്നു പറയുന്നതാവും ശരി.

*ഒരു സാഹിത്യകാരൻ എന്നതിലുപരി തിരുവനന്തപുരം ഭാഗത്ത് താങ്കൾ ഒരു മുളക് വ്യാപാരി എന്ന നിലയിലും സുപരിചിതനാണ്. മുളക് കച്ചവടത്തിലേക്കെത്തിയ സാഹചര്യം എന്തായിരുന്നു? ഇത് താങ്കളു*

*തോപ്പിൽ മുഹമ്മദ് മീരാനും ഭാര്യ ജലീലയും* ▼





*മുഹമ്മദ് മീരാൻ ഗ്രാമീണരോടൊപ്പം*

*ടെ രചനാത്മക ജീവിതത്തെ വല്ലവിധത്തിലും സ്വാധീനിച്ചിട്ടുണ്ടോ?*

നാഗർകോവിൽ ഹിന്ദു കോളജിൽ നിന്നാണ് ഞാൻ ബി.എ. കരസ്ഥമാക്കിയത്. ബിരുദ പഠനാനന്തരം കുറച്ചുകാലം ഗവൺമെൻറ് ജോലിക്കായി ശ്രമിച്ചു. പക്ഷേ എവിടെയും കിട്ടിയില്ല. വീട്ടുകാർക്ക് എന്നെ ഒരു സർക്കാർ ജോലിക്കാരനാക്കണമെന്ന സ്വപ്നമൊന്നും ഉണ്ടായിരുന്നില്ല. ബാപ്പയുടെ കച്ചവടത്തിന് ഒരു പിൻഗാമിയായി ഞാൻ വേണമെന്നായിരുന്നു അവരുടെ ആഗ്രഹം. സർക്കാർ ജോലികിട്ടാതെയിരിക്കുമ്പോഴാണ് തിരുനെൽവേലിയിൽ ഒരു കടയിൽ ജോലിക്കു കയറിയത്. ഇതേ കാലത്ത് എന്റെയൊരു ബന്ധുവിന് തിരുവനന്തപുരത്ത് ഒരു കടയുണ്ടായിരുന്നു. തിരുനെൽവേലിയിൽ നിന്ന് മുളക് വാങ്ങി തിരുവനന്തപുരത്തെ ബന്ധുവിന്റെ കടയിലേക്ക് അയച്ചുകൊടുക്കും. അങ്ങനെയാണ് മുളക് കച്ചവടത്തിന്റെ സാധ്യത മനസ്സിലാക്കി ഞാൻ കച്ചവടക്കാരനായത്. തിരുവനന്തപുരത്ത് എനിക്ക് ധാരാളം സാഹിത്യസുഹൃത്തുക്കളുണ്ട്. പഴവിള രമേശന്റെ പേര് എടുത്തുപറയേണ്ടതാണ്. ഇപ്പോൾ ബിസിനസ് രംഗത്തില്ലാത്തയാളാണ് ഞാൻ. എങ്കിലും കച്ചവടക്കാരനായിരുന്ന കാലം ഒട്ടേറെ അനുഭവങ്ങൾ എനിക്ക് സമ്മാനിച്ചിട്ടുണ്ട്.

*താങ്കളുടെ രചനകളോടുള്ള സ്വസമുദായത്തിൽ നിന്നുള്ള പ്രതികരണം എങ്ങനെയായിരുന്നു.?*

മുസ്‌ലിം സമുദായത്തിൽ നിരക്ഷരത്വവും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊടികുത്തി വാഴുന്ന കാലത്താണ് എന്റെ കലാലയ പഠനം. മുഖ്യധാരാ സാഹിത്യത്തെപ്പറ്റി ഒട്ടും അറിവുള്ളവരായിരുന്നില്ല മുസ്‌ലിംകൾ. സമീപകാലം വരെയും ഇതിന് മാറ്റങ്ങളില്ലായിരുന്നു.അതിനാൽ എന്റെ വായനക്കാർ തമിഴ് മുസ്‌ലിംകളായിരുന്നു. ആദ്യകാലത്ത് എന്റെ എഴുത്തിനോട് ചില സമുദായ സംഘടനകൾ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു.

മുസ്‌ലിം സമുദായം എന്റെ രചനകളോട് എന്ത് സമീപനം സ്വീകരിക്കുന്നു എന്നറിയാനായി 'ഒരുകടലോര ഗ്രാമത്തിന്റെ കഥ' എന്ന നോവൽ അച്ചടിയിലായിരുന്ന ഘട്ടത്തിൽ, ഒരു ഇസ്‌ലാമിക പ്രസിദ്ധീകരണത്തിൽ പരസ്യം കൊടുത്തു. പുസ്തകം ആവശ്യപ്പെട്ട് എഴുതിയവർ നാലേ നാലുപേർ. എന്റെ ഒരു അടുത്ത സ്നേഹിതൻ ഒരു മത പ്രസിദ്ധീകരണം നടത്തിയിരുന്നു. അതിന് 6000 വരിക്കാരുണ്ടായിരുന്നു. 300 മണിയോഡർ ഫോം വാങ്ങി ഈ വരിക്കാരിൽ 300 പേർക്ക് മണിയോർഡർ പൂരിപ്പിച്ച് അയച്ചുകൊടുത്തു. 20 രൂപ മുഖവിലയുള്ള പുസ്തകം പോസ്റ്റേജ് അടക്കം 10 രൂപയ്ക്ക് തരാമെന്ന് എഴുതി. ഒരു പുസ്തകത്തിനു പോലും ഓർഡർ വന്നില്ല. ഞാനാകെ നിരാശനായി തളർന്നു. ഇളയമകൻ തടഞ്ഞില്ലായിരുന്നെങ്കിൽ എല്ലാം വാരിയിട്ട് കത്തിച്ചേനെ. എരിയിച്ചു കളയുന്നതിലും ഭേദം അറിയാവുന്നവർക്ക് സൗജന്യമായി കൊടുക്കാമെന്ന തീരുമാനത്തിലെത്തി. സാഹിത്യകാരന്മാരായ സുഹൃത്തുക്കൾ എന്ന വിലാസത്തിൽ പുസ്തകങ്ങൾ അയച്ചുകൊടുത്തു. അങ്ങനെ ഏകദേശം 400 കോപ്പികൾ. പുസ്തകം വായിച്ച വിമർശകരും പത്രക്കാരും എഴുത്തകാരുമെല്ലാം നോവലിനെപ്പറ്റി വളരെ വിശദമായി പത്രങ്ങളിലെഴുതി. ഇവരിലൂടെ എന്നെ പുറം ലോകം അറിഞ്ഞു. ഇന്ന് 'ഒരു കടലോര ഗ്രാമത്തിന്റെ കഥ' ഇംഗ്ലീഷ്, ഹിന്ദി, കന്നട, മലയാളം, തെലുങ്ക് തുടങ്ങി നിരവധി ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുകയും അനേകം പതിപ്പുകൾ ഇറങ്ങുകയും ചെയ്തു.

*താങ്കളുടെ കൃതികളുടെ പ്രമേയ പരിസരം എന്തെന്നു വ്യക്തമാക്കാമോ?*

ബ്രിട്ടീഷുകാരുടെ ഭരണത്തിനു ശേഷമുള്ള കഥയാണ് 'കൂനൻതോ

പ്പ്' അഞ്ചാറു തലമുറക്ക് മുമ്പുള്ള കഥയാണ് 'ചാരുകസേര'. കോളജ് വിദ്യാർത്ഥിയായിരിക്കുമ്പോൾ ഞാൻ കണ്ട കഥയാണ് 'അഞ്ചുവണ്ണംതെരുവ്'. ഇത് മലയാളത്തിലാണ് ആദ്യം പ്രസിദ്ധീകരിക്കപ്പെട്ടത്. ഞാനെന്റെ അനുഭവങ്ങളും ചുറ്റുപാടുകളുമാണ് രചനയിൽ ആവിഷ്കരിക്കുന്നത്. എന്റെ കഥകളും നോവലുകളും സൂക്ഷ്മമായി വായിച്ചാൽ അതിലെന്റെ ലൈഫ് ഹിസ്റ്ററി കാണാനാവും.

*താങ്കളെ ഒരു മുസ്‌ലിം എഴുത്തുകാരൻ എന്ന രീതിയിൽ ബ്രാന്റു ചെയ്യുന്നത് കാണാറുണ്ട്. എഴുത്തുകാരെ ഇത്തരത്തിൽ ബ്രാന്റ് ചെയ്യുന്നതിനെപറ്റി താങ്കളുടെ അഭിപ്രായമെന്താണ്?*

എഴുത്തുകാരെ കള്ളികളിൽ ഒതുക്കുന്നത് ശരിയല്ല. എം.ടി.യെ നായർ എഴുത്തുകാരനെന്നും ബഷീറിനെ മുസ്‌ലിം എഴുത്തുകാരനെന്നും ചിത്രീകരിച്ചാൽ എന്തായിരിക്കും ഫലം? എഴുത്തുകാരനെ എഴുത്തുകാരൻ മാത്രമായി കാണുക. സങ്കുചിതമായ ബ്രാന്റിംഗ് അപകടമാണ്. ഒരു മുസ്‌ലിം എഴുത്തുകാരൻ എന്ന ഐഡന്റിറ്റിക്കുള്ളിൽ ഒതുങ്ങാൻ ഞാൻ തയ്യാറല്ല. എന്റെ വായനക്കാരിൽ എല്ലാ ജാതിമതങ്ങളിലും വ്യത്യസ്ത രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽപെട്ടവരുമുണ്ട്. ഞാനാവിഷ്കരിച്ച കഥാപാത്രങ്ങളിലും ഈ വൈവിധ്യമുണ്ട്. ഞാനിഷ്ടപ്പെടുന്നത് ഒരു ഇന്ത്യൻ എഴുത്തുകാരൻ എന്നറിയപ്പെടാനാണ്. എഴുത്തുകാരൻ സമൂഹത്തിന്റെ പൊതുസ്വത്താണ്.

*രചനയുടെ ആരംഭകാലത്ത് മലയാളത്തിൽ എഴുതിയിരുന്നതായി കേട്ടിട്ടുണ്ട്. അന്നത്തെ മലയാളി വായനക്കാരുടെ പ്രതികരണം എങ്ങനെയായിരുന്നു.?*

ആരംഭകാലത്ത് മലയാളത്തിൽ ഒന്നുരണ്ട് കഥകൾ എഴുതിയിരുന്നു.ഒട്ടും പ്രസിദ്ധമല്ലാത്ത പ്രസിദ്ധീകരണങ്ങളിലാണ് അവ അച്ചടിച്ചുവന്നത്. മുപ്പത്തഞ്ച് കൊല്ലം മുമ്പ് ഒരു ചരിത്രനോവൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. അത് തൃശൂരിലെ ആമിനാ ബുക്ക് സ്റ്റാളാണ് പ്രസിദ്ധീകരിച്ചത്. തുടക്കകാലത്ത് മലയാളത്തിൽ എഴുതാനായിരുന്നു മോഹം. എഴുതിയെഴുതി വന്നപ്പോൾ അതെനിക്ക് വഴങ്ങാത്ത ഭാഷയാണെന്നു മനസ്സിലാവാൻ വളരെകാലമെടുത്തു. വൈകിയാണെങ്കിലും എന്റെ ജനങ്ങളുടെ കഥപറയാനുള്ള 'സൃഷ്ടിഭാഷ' എന്റെ മാതൃഭാഷയായ നാടൻ തമിഴാണെന്നു മനസ്സിലാക്കിയപ്പോൾ വഴിമാറി നടന്നു.

**എഴുത്തുകാരെ കള്ളികളിൽ ഒതുക്കുന്നത് ശരിയല്ല. എം.ടി.യെ നായർ എഴുത്തുകാരനെന്നും ബഷീറിനെ മുസ്‌ലിം എഴുത്തുകാ നെന്നും ചിത്രീകരിച്ചാൽ എന്തായിരിക്കും ഫലം? എഴുത്തുകാരനെ എഴുത്തുകാരൻ മാത്രമായി കാണുക**

*ചർച്ചചെയ്യപ്പെടുകയും വായിക്കപ്പെടുകയും ചെയ്ത ആദ്യനോവൽ ഏതായിരുന്നു?*

'കൂനൻതോപ്പ്'. നോവലായിട്ടല്ല അതെഴുതിയത്. കണ്ടതും കേട്ടതും അതേപടി പകർത്തിവെക്കുകയായിരുന്നു. വായിച്ചു നോക്കിയ ചില സുഹൃത്തുക്കൾ അത് നോവലാണെന്ന് പറഞ്ഞു. അതിന്ശേഷമാണ് നോവൽ എഴുതാൻ കഴിയുമെന്നുള്ള ആത്മവിശ്വാസം എനിക്കുണ്ടായത്.

ഒരു പ്രമുഖ മലയാള പത്രത്തിൽ ഈയിടെ താങ്കൾ ശ്രീലങ്കൻ യാത്രയിൽ കണ്ട കാര്യങ്ങൾ വിവരിക്കുകയുണ്ടായി. പ്രത്യേകിച്ച് എൽ.ടി.ടി.ഇ നടത്തിയ മുസ്‌ലിം കൂട്ടക്കൊലയെപ്പറ്റി ഞെട്ടിക്കുന്ന വിവരങ്ങളാണ് താങ്കൾ പങ്കുവെച്ചത്.

ശ്രീലങ്കയിൽ ഞാൻ പലതവണ പോയിട്ടുണ്ട്. അവിടുത്തെ രാഷ്ട്രീയ, സാഹിത്യ മേഖലയിൽ എനിക്ക് ധാരാളം സുഹൃത്തുക്കൾ ഉണ്ട്. എൽ.ടി.ടി.ഇയെ അമർച്ച ചെയ്ത ശേഷം ഞാനീയിടെ അവിടം സന്ദർശിച്ചപ്പോൾ പുറം ലോകമറിയാത്ത പല ഞെട്ടിക്കുന്ന കാര്യങ്ങളും അറിയാൻ സാധിച്ചു. തമിഴ്നാട്ടിൽ പൊതുവെ എൽ.ടി.ടി.ഇക്ക് അനുകൂലമായ മനസ്സുണ്ട്. അവർ തമിഴ് അനുകൂലികളാണ് എന്നാണ് ധാരണ. അതിനാൽ എൽ.ടി.ടി.ഇയെ എതിർത്താൽ തമിഴ് വിരുദ്ധരായി ചിത്രീകരിക്കുന്ന ഒരേർപ്പാടുണ്ട്. അതുകൊണ്ട് എൽ.ടി.ടി.ഇയുടെ തെറ്റുകൾ പോലും ചൂണ്ടികാണിക്കാൻ പറ്റാത്ത അവസ്ഥയാണ്. പ്രഭാകരനെ കൊന്ന രീതി തീർച്ചയായും നിന്ദ്യവും പൈശാചികവുമാണ്. അതേസമയം കഴിഞ്ഞ 20 വർഷത്തിനിടയിൽ എൽ.ടി.ടി.ഇ നടത്തിയ മു
സ്‌ലിം വംശഹത്യയെപ്പറ്റി മൗനം
പാലിക്കുന്നത് ശരിയല്ല. കൊല്ല
ട്ടവരുടെയും ആട്ടിയോടിക്കപ്പെട്ട
രുടെയും യഥാർത്ഥ സംഖ്യ പോ
ലും ലഭ്യമല്ല; സർക്കാർ കൊന്ന
എൽ.ടി.ടി.ഇ പ്രവർത്തകരുടെ സ
ഖ്യയെക്കാൾ ഏറെവരും. ഗവൺ
മെന്റ് മുസ്‌ലിംകളെ കൊന്നിട്ടില്ല.
എൽ.ടി.ടി.ഇയെ സർക്കാർ ആ
മിച്ചവേളയിൽ ഗ്രാമീണരെ മനു
ഷ്യകവചമാക്കിയതിനാലാണ് ഗ്ര
മീണർ ഏറെയും കൊല്ലപ്പെട്ടത്.

*സമകാലീന തമിഴ് സാഹിത്യ*
*ന്റെ അവസ്ഥയെന്താണ്? രൂപപര*
*മായ ധാരാളം പരീക്ഷണങ്ങൾ അ*
*വിടെ നടക്കുന്നതായി പറയപ്പെടു*
*ന്നുണ്ടല്ലോ?*

ശരിയാണ് ധാരാളം എഴുത്തുകാ
രും എഴുത്തുകാരികളും ഇന്ന് തമ
ഴ്നാട്ടിലുണ്ട്. രൂപപരമായ പരീക്ഷ
ണം എന്നൊക്കെപറഞ്ഞ് മണ്ണിന്റെ
ഗന്ധമില്ലാത്ത ഒട്ടും സംവേദനം
ചെയ്യാത്ത ധാരാളം രചനകൾ ഉ
ണ്ടാവുന്നുണ്ട്. അതിലൊന്നും
താൽപര്യമുള്ളയാളല്ല ഞാൻ. എ
നിക്കറിയാവുന്ന കാര്യങ്ങൾ അറി
യാവുന്ന ഭാഷയിൽ ഞാനെഴുതു
ന്നു. എന്റെ എഴുത്തിലെ ഇസം
ന്തെന്ന് എനിക്കറിയില്ല. എന്നെ പ
ലപ്പോഴും റിയലിസത്തിന്റെ വക്ത
വായി ചിത്രീകരിക്കാറുണ്ട് വിമർശ
കർ. ഞാനങ്ങനെ ഏതെങ്കിലും ഇ
സം മുൻനിർത്തി എഴുതുന്ന ആള
ല്ല. എനിക്കറിയാവുന്ന കാര്യങ്ങൾ
അറിയാവുന്ന ഭാഷയിൽ പറയുക
മാത്രം ചെയ്യുന്ന ആളാണ്. അതി
ലെ ഇസവും പ്രത്യയശാസ്ത്രവു
മൊക്കെ വായനക്കാർ തീരുമാനി
ക്കേണ്ടതാണ്. ദളിതെഴുത്ത്, പെ
ണ്ണെഴുത്ത് എന്നൊന്നും സാഹിത
ത്തെ തരംതിരിക്കുന്നതിനോട് എ
നിക്ക് യോജിപ്പില്ല. എഴുത്തിനെ
ഴുത്തായി മാത്രം കാണുക -ഇത
ണ്എന്റെ
സമീപനം.

□